DES 6/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


**ഹർജി നമ്പർ AP.No.2598(5)/2017/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 12137/SIC-G7/2017**

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ഉത്തരവ് തീയതി :. 30.10.2022**

ശ്രീ. സോമനാഥൻപിള്ള കെ.എൻ.,
കൊച്ചുനാലെത്ത് വീട്, ചെന്നിത്തല പി.ഒ,
മാവേലിക്കര, ആലപ്പുഴ – 690 105. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജില്ലാ പോലീസ് ഓഫീസ്,
   ആലപ്പുഴ.

2. അപ്പീൽ അധികാരി ,
   ജില്ലാ പോലീസ് ഓഫീസ്,
   ആലപ്പുഴ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 16.05.2017 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 16.06.2017 |
| ഒന്നാം അപ്പീൽ | 14.07.2017 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 22.08.2017 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 09.09.2017 |
| ഹിയറിംഗ് തീയതി, | 08.07.2017 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അപ്പീലിനാധാരമായ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ടിയാൻ 22.04.2017 തീയതിയിൽ ആലപ്പുഴ ജില്ലാ പോലീസ് മേധാവിയ്ക്കും മാന്നാർ സ്റ്റേഷൻ ഹൗസ് ഓഫീസർക്കും നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികളും മാന്നാർ പോലീസ് സ്റ്റേഷൻ ക്രൈം 1841/2015, 770/2016, 1008/2016, 1354/2016 എന്നീ കേസുകളുടെ വിവരങ്ങളുമായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ

തെറ്റായ വിവരങ്ങളും വ്യാഖ്യാനങ്ങളുമാണ് നൽകിയിരിക്കുന്നതെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് എതിർകക്ഷി നൽകിയ മറുപടിയിൽ തെറ്റായ വിവരങ്ങളും വ്യാഖ്യാനങ്ങളുമാണ് നൽകിയതെന്നും ചോദ്യം നമ്പർ 3(ബി) യിൽ അന്വേഷണം പൂർത്തിയാകാതെ ക്രൈം നമ്പർ 1841/2015 പൂർത്തിയാക്കിയതായും പ്രതികുറ്റക്കാരനായി തെളിഞ്ഞു എന്ന് തെറ്റായ വിവരമാണ് നൽകിയതെന്നും അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. ശ്രീ. സോമനാഥൻ പിള്ള 16.05.2017 തീയതിയായി സമർപ്പിച്ച അപേക്ഷയ്ക്ക് 16.06.2017 ന് മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 19.07.2017 തീയതിയിൽ സമർപ്പിച്ച അപ്പീലിന്മേലും 22.08.2017 തീയതിയായി തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും ടിയാൻ ആലപ്പുഴ ജില്ലാ പോലീസ് മേധാവിയ്ക്ക് നൽകിയ പരാതിയിൽ അന്വേഷണം നടത്തി പരാതി കക്ഷിയ്ക്ക് ഉചിതമായ മറുപടി നൽകുവാൻ വേണ്ടി 27.04.2017 തീയതിയിൽ ഡി.1(എ)/27549/2017 പ്രകാരം ചെങ്ങന്നൂർ ഡി.വൈ.എസ്.പി.യ്ക്ക് അയച്ചു നൽകിയ വിവരവും, മറ്റ് ചോദ്യങ്ങൾ മാന്നാർ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടതാകയാൽ അവിടെ നിന്നും ശേഖരിച്ച് ലഭ്യമായ വിവരങ്ങളും 16.06.2017 ൽ നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

3. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, വിവരാവകാശ നിയമപ്രകാരം ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലിനും ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ നൽകിയതായി കമ്മീഷൻ

നിരീക്ഷിക്കുന്നു. എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രജിസ്റ്റേർഡ് തപാൽ മുഖാന്തിരം ഹർജിക്കാരന് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ എസ്.പി.ഐ.ഒ. യുടെ മൊഴിയും റിപ്പോർട്ടും വിശ്വാസത്തിലെടുത്തുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഒക്റ്റോബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി